LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടേയും പ്രധാന ടൂറിസ്റ്റ് റോഡുകളുടേയും പാർശ്വങ്ങളിലായി മോട്ടലുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ മേഖലയ്ക്ക് പ്രോത്സാഹനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ടൂറിസ്റ്റ് സെന്ററുകളിൽ എഫ്.എൽ. റൂൾ 13(11)-ലെ ചട്ടങ്ങൾക്ക് വിധേയമായി ബിയർ പാർലറുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ടൂറിസ്റ്റ് സെന്ററുകളിൽ ബിയർ പാർലറുകൾ അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്വകാര്യ മേഖലയിലും പൊതുമേഖലയിലും അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി പേ ആന്റ് യൂസ് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വർക്കല, കുമരകം എന്നീ കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് ക്ലോക്ക് റൂമുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം താമസിയാതെ തുടങ്ങുന്നതാണ്. കോവളത്ത് സ്ഥലം ലഭ്യമായാൽ ടൂറിസം വകുപ്പ് തന്നെ ക്ലോക്ക് റൂമുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ബീച്ചിൽ സ്വകാര്യ വ്യക്തികൾ നടത്തിയ അനധികൃത കെട്ടിടങ്ങൾ പൊളിച്ച് മാറ്റേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ബീച്ച് ശുചിത്വമുള്ളതാക്കി തീർക്കുന്നതിന് ആവശ്യമായ നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

സ്വകാര്യ വ്യക്തിക്ക് നൽകിയ ലേക്സാഗറിന്റെ കരാർ

107 [1793] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഡി.ടി.പി.സി. കരാർ നൽകിയിട്ടുള്ള ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ ലേക്സാഗറിൽ അനാശാസ്യ പ്രവർത്തനങ്ങളും മദ്യവിൽപ്പനയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 31-12-2003-ൽ അവിടെ നടന്ന പോലീസ് റെയ്ഡിൽ മദ്യം പിടിച്ചെടുത്തതിനെപ്പറ്റി അറിവുണ്ടോ;

(സി) എങ്കിൽ സ്വകാര്യ വ്യക്തിക്ക് നൽകിയ ലേക്സാഗറിന്റെ കരാർ റദ്ദ് ചെയ്ത് ഡി.ടി.പി.സി. സ്വന്തം നിലയ്ക്ക് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇല്ല. എന്നാൽ 31-12-2003-ൽ അവിടെ നടന്ന പോലീസ് റെയിഡിൽ 17 ബോട്ടിൽ ബിയറും 5 ഒഴിഞ്ഞ മദ്യക്കുപ്പികളും പോലീസ് പിടിച്ചെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പോലീസ് റിപ്പോർട്ട് ലഭിച്ചതിനുശേഷം അത് പരിശോധിച്ച് കരാർ വ്യവസ്ഥകൾക്കെതിരായ പ്രവർത്തികൾ കരാറുകാരനിൽനിന്ന് ഉണ്ടായതായിക്കണ്ടാൽ കരാർ റദ്ദുചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്. വാണിജ്യസ്വഭാവമുള്ള ഇത്തരം സ്ഥാപനങ്ങൾ ഡി.ടി.പി.സി.-ക്ക് നേരിട്ട് നടത്തുവാൻ നിർവ്വാഹമില്ല.

വിലങ്ങൻകുന്ന് വിനോദകേന്ദ്രം

108 [1794] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ വിലങ്ങൻകുന്ന് വിനോദകേന്ദ്രം ജില്ലാ വിനോദ സഞ്ചാര ഭൂപടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) കുന്ദംകുളം നിയോജകമണ്ഡലത്തിൽ എത്ര ടൂറിസം കേന്ദ്രങ്ങളാണ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) സർക്കാർ സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും ടൂറിസം പദ്ധതി കുന്ദംകുളം നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) തൃശ്ശൂർ ജില്ലയിലെ സമഗ്ര ടൂറിസം വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. മാസ്റ്റർ പ്ലാൻ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും പദ്ധതികൾക്ക് രൂപം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly